## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.565 | 27.03.2018-ൽ മറുപടിയ്ക്ക് |
|---|---|

**ഇ-വേസ്റ്റ് നിർമ്മാർജ്ജനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്<br>,, അബ്ദുൽ ഹമീദ് പി.<br>,, പാറക്കൽ അബ്ദുല്ല<br>,, ഡോ.എം.കെ.മുനീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഇ-വേസ്റ്റ് നിർമ്മാർജ്ജനക്കാര്യത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഹരിതകർമ്മസേന വാർഡ് തലത്തിൽ വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽ നിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (MCF) വഴി ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി സെന്ററുകളിൽ (RRC) എത്തിച്ച് തരം തിരിച്ച് വേർതിരിച്ച് ക്ലീൻ കേരള കമ്പനി മുഖേന അംഗീകൃത റീസൈക്ലിംങ്ങ് ഏജൻസികൾക്ക് കൈമാറുന്ന തരത്തിലാണ് ഇ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നത്. എം.സി.എഫുകളിൽ ലഭിക്കുന്ന പുനരുപയോഗ സാധ്യതയുള്ള ഇലക്ട്രോണിക് ഉല്പന്നങ്ങൾ കേടുപാടുകൾ തീർത്ത് പുനരുപയോഗത്തിനു സാധ്യമാക്കുന്ന റിപ്പയർ ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷൻ, ശുചിത്വ - മാലിന്യ ഉപമിഷന്റെ ഭാഗമായി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ശേഖരിക്കപ്പെടുന്ന ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുന:ചംക്രമണത്തിനും ശാസ്ത്രീയ സംസ്കരണത്തിനുമായി ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഒരു റീസൈക്ലിംങ്ങ് കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2016 ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ് ലിംഗ് റൂൾ അനുസരിച്ചുള്ള ഇ.പി.ആർ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ | (ബി) | ഇ- മാലിന്യ സംസ്കരണത്തിൽ പ്രധാന പങ്കു വഹിക്കുന്ന ക്ലീൻ കേരള കമ്പനി നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ? | | പദ്ധതികൾ അവലോകനം ചെയ്ത് വിലയിരുത്തുന്നുണ്ട്. കൂടാതെ ഹരിതകേരളം മിഷന്റെ ഉപമിഷനായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ സംസ്ഥാനതല കർമ്മ സേന യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ